(സി) എത്ര പൈസ വീതം വർദ്ധിപ്പിച്ചു എന്ന് പറയാമോ?

ഉത്തരം

(എ) ഇൻഡ്യാ ഗവൺമെൻറിൻെറ നിർദ്ദേശപ്രകാരം പലപ്പോഴായി അരിവില വർദ്ധിപ്പിക്കേണ്ടിവന്നിട്ടുണ്ട്.

(ബി) അഞ്ച് തവണ വർദ്ധിപ്പിച്ചു.

(സി) ഒരു കിലോഗ്രാം റേഷനരിക്ക് 1–10–1982 മുതൽ 13 പൈസ വീതവും 13–6–1983 മുതൽ 1 പൈസ വീതവും 16–1–1984 മുതൽ 21 പൈസ വീതവും 13–10–1985 മുതൽ 9 പൈസ വീതവും, 2–2–1986 മുതൽ 14 പൈസ വീതവും വില വർദ്ധിപ്പിച്ചിട്ടുണ്ട്.

പഞ്ഞമാസങ്ങളിൽ വിതരണം ചെയ്യാൻ കൂടുതൽ അരി വിഹിതം

501 [556] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ഞമാസങ്ങളിൽ സംസ്ഥാനത്ത് വിതരണം ചെയ്യാൻ കൂടുതൽ അരിക്ക് കേന്ദ്രത്തിനോട് അപേക്ഷിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തെപ്പറ്റി കൂടുതൽ വിവരങ്ങൾ പറയാമോ;

(സി) കൂടുതൽ ഭക്ഷ്യോപയോഗ സാധനങ്ങൾ റേഷൻകടകളിലൂടെ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ, ആയതിൻെറ വിശദ വിവരങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോൾ ലഭിക്കുന്ന 1,25,000 മെ. ടണ്ണിനു പുറമെ, പഞ്ഞമാസങ്ങളിൽ 50,000 മെ.ടൺകൂടി അരി വർദ്ധിപ്പിച്ചു കിട്ടുവാൻ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിൽ ഈ മാസം 20,000 മെട്രിക് ടൺ കിട്ടി.

(സി) ഇപ്പോഴത്തെ നിരക്കനുസരിച്ച് പ്രായപൂർത്തിയായവർക്ക് 220 ഗ്രാമും, അല്ലാത്തവർക്ക് 110 ഗ്രാമും റേഷൻ കിട്ടുന്നു. ഇപ്പോൾ അധികം കിട്ടിയ 20,000 മെ.ടൺ അരി സാധാരണ നൽകുന്ന റേഷനരിക്ക് പുറമെ കാർഡ് ഒന്നിന് ഒരാഴ്ചക്ക് ഒരുകിലോ അരി വീതം 6–7–1986 തുടങ്ങുന്ന ആഴ്ചമുതൽ നാല് ആഴ്ചക്കാലത്തേക്ക് സംസ്ഥാനത്തുടനീളം കൊടുക്കാൻ ഉത്തരവാക്കിയിട്ടുണ്ട്. കൂടുതൽ കിട്ടുന്ന മുറക്ക് കൂടുതൽ അരി വിതരണം ചെയ്യുന്നതാണ്. പ്രത്യേകിച്ച് ഓണക്കാലത്തേക്ക് കൂടുതൽ അരി കൊടുക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സംഭരണശേഷി വർദ്ധിപ്പിക്കാൻ കേന്ദ്ര സഹായം

502 [557] ശ്രീ. എം.വി.രാഘവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യധാന്യങ്ങളുടെ പൊതു വിതരണം കാര്യക്ഷമമാക്കുന്നതിൻെറ ഭാഗമായി സംഭരണശേഷി വർദ്ധിപ്പിക്കാൻ സർക്കാർ കേന്ദ്രഗവൺമെൻറിൻെറ സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly